**<u>15 -ാം കേരള നിയമസഭ</u>**

**<u>12 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1924</u>** **<u>11-10-2024 - ൽ മറുപടിയ്ക്ക്</u>**

**<u>കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | 16.03.2018 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 38/2018/കാ.യു.വ പ്രകാരം കിഫ്ബി സഹായത്തോടെ കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി M/s.കിറ്റ്കോയെ ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ടി പദ്ധതിയിൽ പ്രധാനമായും നാച്ചുറൽ ഫുട്ബോൾ ടർഫ്, 8 ലെയിൻ 400 മീറ്റർ സിന്തറ്റിക് ട്രാക്ക്, പവിലിയൻ ബിൽഡിംഗ്, ചെയ്ഞ്ചിംഗ് റൂം എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ ആരംഭത്തിൽ 15.83 കോടി രൂപയുടെ സാമ്പത്തികാനുമതിയും, 15.74 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. ടി പദ്ധതി 03.11.2022-ന് കിറ്റ്കോ ടെണ്ടർ ചെയ്തെങ്കിലും, ബിഡുകൾ ലഭിക്കാത്തതിനാൽ നിരവധി തവണ റീ-ടെണ്ടർ ചെയ്യേണ്ടിവന്നതിനുശേഷമാണ് അംഗീകൃത ബിഡുകൾ ലഭിച്ചത്. കൂടാതെ പഞ്ചായത്ത് മുഖേന നടത്തേണ്ട അതിർത്തി നിർണയ നടപടികൾ വൈകിയതും പദ്ധതി ആരംഭിക്കുവാൻ തടസ്സമുണ്ടാക്കി. പിന്നീട് 20.01.2024-ന് ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റിയിൽ (TAC) ടെണ്ടർ ഡോക്യുമെന്റ്സ് അവതരിപ്പിച്ചു. എല്ലാ ബിഡറുമാരുടെയും ഒറിജിനൽ ഡോക്യുമെന്റ്സ് സമർപ്പിക്കുവാൻ കമ്മിറ്റി നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഒറിജിനൽ ഡോക്യുമെന്റ്സ് സമർപ്പിക്കുവാൻ കിറ്റ്കോ ബിഡർക്ക് കത്ത് നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. കൂടാതെ ബിഡ് വാലിഡിറ്റി പിരീഡ് അവസാനിക്കുകയും ചെയ്തു. ആയതിനാൽ ടി ടെണ്ടർ റദ്ദ് ചെയ്ത് പുതിയ ടെണ്ടർ ക്ഷണിക്കുന്നതിന് അനുമതി നൽകണമെന്ന് |

| | | | |
|---|---|---|---|
| | | | അപേക്ഷിച്ചതിൻ പ്രകാരം ആയതിന് അനുമതി നൽകിയിട്ടുണ്ട്. തുടർന്ന് പുതിയ ടെണ്ടർ ക്ഷണിച്ച് പ്രസ്തുത പദ്ധതി എത്രയും വേഗം നടപ്പിലാക്കാൻ എസ്.പി.വി ആയ കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിശ്ചയിച്ചിട്ടുള്ള കേരള ഇൻഡസ്ട്രിയൽ ആൻഡ് ടെക്നിക്കൽ കൺസൾട്ടൻസി ഓർഗനൈസേഷന്റെ ഭാഗത്തു നിന്നുണ്ടായിട്ടുള്ള ഗുരുതര വീഴ്ചകൾ ഗൗരവപൂർവ്വം പരിശോധിക്കുമോ; | (ബി) | 16.03.2018 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 38/2018/കാ.യു.വ പ്രകാരം കിഫ്ബി സഹായത്തോടെ കോതമംഗലം ചേലാട് അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി M/s.കിറ്റ്കോയെ ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ടി പദ്ധതിയിൽ പ്രധാനമായും നാച്ചുറൽ ഫുട്ബോൾ ടർഫ്, 8 ലെയിൻ 400 മീറ്റർ സിന്തറ്റിക് ട്രാക്ക്, പവിലിയൻ ബിൽഡിംഗ്, ചെയ്ഞ്ചിംഗ് റൂം എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ ആരംഭത്തിൽ 15.83 കോടി രൂപയുടെ സാമ്പത്തികാനുമതിയും, 15.74 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. ടി പദ്ധതി 03.11.2022-ന് കിറ്റ്കോ ടെണ്ടർ ചെയ്തെങ്കിലും, ബിഡുകൾ ലഭിക്കാത്തതിനാൽ നിരവധി തവണ റീ-ടെണ്ടർ ചെയ്യേണ്ടിവന്നതിനുശേഷമാണ് അംഗീകൃത ബിഡുകൾ ലഭിച്ചത്. കൂടാതെ പഞ്ചായത്ത് മുഖേന നടത്തേണ്ട അതിർത്തി നിർണയ നടപടികൾ വൈകിയതും പദ്ധതി ആരംഭിക്കുവാൻ തടസ്സമുണ്ടാക്കി. പിന്നീട് 20.01.2024-ന് ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റിയിൽ (TAC) ടെണ്ടർ ഡോക്യുമെന്റ്സ് അവതരിപ്പിച്ചു. എല്ലാ ബിഡറുമാരുടെയും ഒറിജിനൽ ഡോക്യുമെന്റ്സ് സമർപ്പിക്കുവാൻ കമ്മിറ്റി നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഒറിജിനൽ ഡോക്യുമെന്റ്സ് സമർപ്പിക്കുവാൻ കിറ്റ്കോ ബിഡർക്ക് കത്ത് നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. കൂടാതെ ബിഡ് വാലിഡിറ്റി പിരീഡ് അവസാനിക്കുകയും ചെയ്തു. ആയതിനാൽ ടി ടെണ്ടർ റദ്ദ് ചെയ്ത് പുതിയ ടെണ്ടർ ക്ഷണിക്കുന്നതിന് അനുമതി നൽകണമെന്ന് അപേക്ഷിച്ചതിൻ പ്രകാരം ആയതിന് അനുമതി നൽകിയിട്ടുണ്ട്. തുടർന്ന് പുതിയ ടെണ്ടർ ക്ഷണിച്ച് പ്രസ്തുത പദ്ധതി എത്രയും വേഗം നടപ്പിലാക്കാൻ എസ്.പി.വി ആയ കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | സാങ്കേതിക തടസ്സങ്ങൾ നീക്കി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ | (സി) | 16.03.2018 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 38/2018/കാ.യു.വ പ്രകാരം കിഫ്ബി സഹായത്തോടെ കോതമംഗലം ചേലാട് |

| | | | |
|---|---|---|---|
| | ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | | അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി M/s.കിറ്റ്കോയെ ആണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ടി പദ്ധതിയിൽ പ്രധാനമായും നാച്ചുറൽ ഫുട്ബോൾ ടർഫ്, 8 ലെയിൻ 400 മീറ്റർ സിന്തറ്റിക് ട്രാക്ക്, പവിലിയൻ ബിൽഡിംഗ്, ചെയ്ഞ്ചിംഗ് റൂം എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ ആരംഭത്തിൽ 15.83 കോടി രൂപയുടെ സാമ്പത്തികാനുമതിയും, 15.74 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. ടി പദ്ധതി 03.11.2022-ന് കിറ്റ്കോ ടെണ്ടർ ചെയ്തെങ്കിലും, ബിഡുകൾ ലഭിക്കാത്തതിനാൽ നിരവധി തവണ റീ-ടെണ്ടർ ചെയ്യേണ്ടിവന്നതിനുശേഷമാണ് അംഗീകൃത ബിഡുകൾ ലഭിച്ചത്. കൂടാതെ പഞ്ചായത്ത് മുഖേന നടത്തേണ്ട അതിർത്തി നിർണയ നടപടികൾ വൈകിയതും പദ്ധതി ആരംഭിക്കുവാൻ തടസ്സമുണ്ടാക്കി. പിന്നീട് 20.01.2024-ന് ടെണ്ടർ അക്സപ്റ്റൻസ് കമ്മിറ്റിയിൽ (TAC) ടെണ്ടർ ഡോക്യുമെന്റ്സ് അവതരിപ്പിച്ചു. എല്ലാ ബിഡറുമാരുടെയും ഒറിജിനൽ ഡോക്യുമെന്റ്സ് സമർപ്പിക്കുവാൻ കമ്മിറ്റി നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഒറിജിനൽ ഡോക്യുമെന്റ്സ് സമർപ്പിക്കുവാൻ കിറ്റ്കോ ബിഡർക്ക് കത്ത് നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. കൂടാതെ ബിഡ് വാലിഡിറ്റി പിരീഡ് അവസാനിക്കുകയും ചെയ്തു. ആയതിനാൽ ടി ടെണ്ടർ റദ്ദ് ചെയ്ത് പുതിയ ടെണ്ടർ ക്ഷണിക്കുന്നതിന് അനുമതി നൽകണമെന്ന് അപേക്ഷിച്ചതിൻ പ്രകാരം ആയതിന് അനുമതി നൽകിയിട്ടുണ്ട്. തുടർന്ന് പുതിയ ടെണ്ടർ ക്ഷണിച്ച് പ്രസ്തുത പദ്ധതി എത്രയും വേഗം നടപ്പിലാക്കാൻ എസ്.പി.വി ആയ കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ